**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4913** **20-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികളും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വാഗമൺ മലനിരകളോട് ചേർന്ന് കിടക്കുന്നതും ചെറുതും വലുതുമായ നിരവധി വെള്ളച്ചാട്ടങ്ങളുള്ളതുമായ പൂഞ്ഞാർ മണ്ഡലത്തിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പൂഞ്ഞാർ മണ്ഡലത്തിലെ മാർമല അരുവി വെള്ളച്ചാട്ടം ഡെസ്റ്റിനേഷനിൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി "ബ്യൂട്ടിഫിക്കേഷൻ & കൺസ്ട്രക്ഷൻ ഓഫ് സെക്യൂരിറ്റി ഫെൻസിംഗ് അറ്റ് മാർമല അരുവി വാട്ടർ ഫാൾസ്" എന്ന പദ്ധതിക്കായി 25 സെന്റ് റവന്യൂ ഭൂമിയുടെ ഉപയോഗാനുമതി ലഭിക്കുന്നതിനായി ലാൻഡ് റിക്വസിഷൻ ഫോം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി നമ്പർ & തീയതി | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | ബ്യൂട്ടിഫിക്കേഷൻ & കൺസ്ട്രക്ഷൻ ഓഫ് സെക്യൂരിറ്റി ഫെൻസിംഗ് അറ്റ് വേങ്ങത്താനം വാട്ടർ ഫാൾസ് | P2- 6241/2022 27-09- 2022 | 28,40,000/- | പദ്ധതി പൂർത്തികരിച്ച് പാറതോട് ഗ്രാമ പഞ്ചായത്തിന് കൈമാറി നൽകിയിട്ടുണ്ട്. |
| 2. | മോഡിഫിക്കേഷൻ ഓഫ് പിൽഗ്രിം അമിനിറ്റി സെന്റർ എരുമേലി | P2-9467/2022 25-10-2022 | 99,95,000/- | പദ്ധതി പൂർത്തികരിച്ച് കോട്ടയം ഡി.ടി.പി.സി യ്ക്ക് കൈമാറി നൽകിയിട്ടുണ്ട്. |
| 3. | ബ്യൂട്ടിഫിക്കേഷൻ & കൺസ്ട്രക്ഷൻ ഓഫ് സെക്യൂരിറ്റി ഫെൻസിംഗ് അറ്റ് അരുവിക്കച്ചാൽ വാട്ടർ ഫാൾസ് കോട്ടയം. | DOT/3121/2023-P2-24/10/2024 | 43,00,000/- | പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിർവഹണ ഏജൻസിയായി സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയെ തെരഞ്ഞെടുത്ത് വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. സ്റ്റേറ്റ് നിർമ്മിതികേന്ദ്രം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |

**സെക്ഷൻ ഓഫീസർ**